Deivarajyam October 2014
Registered No. KL/ALY/0020/2014-2016 ● R.N. 7623/1963
Date of publication: 1/10/2014
● Posted at Thodupuzha Stg.
Annual Subscription Rs. 75.00




Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691




# ദൈവരാജ്യം

കോതമംഗലം രൂപതാ ബുള്ളറ്റിൻ




വാല്യം 53
ഒക്ടോബർ 2014
ലക്കം 10

# ദൈവരാജ്യം

**OFFICIAL ORGAN OF THE EPARCHY OF KOTHAMANGALAM**

**Vol. LIII No. 10 October 2014**


## ലോക മിഷൻ ഞായർ - 2014

### ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

**പ്രിയ സഹോദരീസഹോദരന്മാരേ,**

ഇന്നും ധാരാളം പേർ ക്രിസ്തുവിനെ അറിയുന്നില്ല. അതുകൊണ്ട് ക്രിസ്തുവിനെ അറിയാത്തവരെ സംബന്ധിച്ച പ്രേഷിതവേല അടിയന്തിരസ്വഭാവമുള്ള ഒന്നാണ്. സഭയുടെ എല്ലാ അംഗങ്ങളും ഈ ദൗത്യത്തിൽ പങ്കുചേരാൻ കടപ്പെട്ടവരാണ്. എന്തെന്നാൽ സഭ പ്രകൃത്യാ പ്രേഷിതയാണ്. 'മുന്നേറാൻ' ജനിച്ചവളാണു സഭ. ലോകമിഷൻദിനം സവിശേഷാനുകൂല്യമുള്ള ദിവസമാണ്. അന്ന് വിവിധ ഭൂഖണ്ഡങ്ങളിലെ വിശ്വാസികൾ, മിഷൻ പ്രദേശങ്ങളിലുള്ള യുവസഭകൾക്ക് സഹായം നല്കാൻ പ്രാർത്ഥിക്കുകയും മൂർത്തമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. അത് കൃപാവരത്തിന്റെയും സന്തോഷത്തിന്റെയും ആഘോഷമാണ്.

അതു കൃപാവരത്തിന്റെ ആഘോഷമാണ്. കാരണം, പിതാവ് അയച്ച പരിശുദ്ധാത്മാവ്, അവിടത്തെ പ്രവർത്തനത്തോടു വിധേയത്വമുള്ളവർക്ക് ജ്ഞാനവും ശക്തിയും നല്കുന്നു. അത് സന്തോഷത്തിന്റെ ആഘോഷമാണ്. എന്തെന്നാൽ പിതാവായ ദൈവത്തിന്റെ പുത്രനും ലോകത്തെ സുവിശേഷവത്കരിക്കാൻ അയയ്ക്കപ്പെട്ടവനുമായ യേശുക്രിസ്തു നമ്മുടെ പ്രേഷിതവേലയെ സഹായിക്കുകയും നമ്മോടൊപ്പം സഞ്ചരിക്കുകയും ചെയ്യുന്നു. യേശുവിന്റെയും പ്രേഷിതരായ ശിഷ്യരുടെയും സന്തോഷത്തിന് ലൂക്കായുടെ സുവിശേഷത്തിൽ കാണുന്ന (cf 10:21-23) ബൈബിൾപരമായ ഒരു ഐക്കൺ നിർദ്ദേശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.



1. ദൈവരാജ്യം സമീപിച്ചിരിക്കുന്നുവെന്ന് പ്രസംഗിക്കാനും യേശുവിനെ കണ്ടുമുട്ടാൻ ജനങ്ങളെ ഒരുക്കാനും വേണ്ടി കർത്താവ് എഴുപത്തിരണ്ടു ശിഷ്യന്മാരെ ഈരണ്ടുപേരെവീതം നഗരങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും അയച്ചുവെന്നു സുവിശേഷകൻ പറയുന്നു. ഈ പ്രഘോഷണദൗത്യം നിർവഹിച്ചിട്ട് ശിഷ്യന്മാർ സന്തോഷഭരിതരായി തിരിച്ചുവന്നു. പ്രഥമവും അവിസ്മരണീയവുമായ ഈ പ്രേഷിതത്വാനുഭവത്തിന്റെ പ്രബലമായ ഒരു പ്രമേയം സന്തോഷമാണ്. എന്നാലും ദിവ്യഗുരു അവരോട് ഇങ്ങനെ പറഞ്ഞു: "പിശാചുക്കൾ നിങ്ങൾക്കു കീഴടങ്ങുന്നു എന്നതിൽ നിങ്ങൾ സന്തോഷിക്കേണ്ട; മറിച്ച് നിങ്ങളുടെ പേരുകൾ സ്വർഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിൽ സന്തോഷിക്കുവിൻ. ആ സമയംതന്നെ പരിശുദ്ധാത്മാവിൽ ആനന്ദിച്ച് അവൻ പറഞ്ഞു: സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവായ പിതാവേ, അവിടത്തെ ഞാൻ സ്തുതിക്കുന്നു... അവൻ ശിഷ്യരുടെ നേരേ തിരിഞ്ഞ് അവരോടു മാത്രമായി പറഞ്ഞു: നിങ്ങൾ കാണുന്നവ കാണുന്ന കണ്ണുകൾ ഭാഗ്യമുള്ളവ" (ലൂക്കാ 10:20-21;23).

വിശുദ്ധ ലൂക്കാ ഇവിടെ മൂന്നു രംഗങ്ങൾ അവതരിപ്പിക്കുന്നു: യേശു ആദ്യം തന്റെ ശിഷ്യരോടു സംസാരിക്കുന്നു. പിന്നീട് പിതാവിനോടും വീണ്ടും ശിഷ്യന്മാരോടും സംസാരിക്കുന്നു. തന്റെ സന്തോഷത്തിൽ ശിഷ്യന്മാർ പങ്കുകൊള്ളണമെന്ന് യേശു ആഗ്രഹിച്ചു. ശിഷ്യന്മാർ മുമ്പ് അനുഭവിച്ചിട്ടുള്ള എല്ലാ സന്തോഷങ്ങളിൽനിന്നും വ്യത്യസ്തവും അവയെക്കാൾ വലുതുമാണ് ഈ സന്തോഷം.

2. ശിഷ്യന്മാർ സന്തോഷംകൊണ്ടു നിറഞ്ഞവരായി. പിശാചുക്കളിൽ നിന്ന് ആളുകളെ സ്വതന്ത്രരാക്കാനുള്ള കഴിവുകൊണ്ട് ഉത്തേജിതരായി. എന്നാൽ അവർ സ്വീകരിച്ച അധികാരത്തിലല്ല, അവർ സ്വീകരിച്ച സ്നേഹത്തിലാണ് കൂടുതൽ സന്തോഷിക്കേണ്ടതെന്ന് യേശു അവർക്കു മുന്നറിയിപ്പു നല്കി: "എന്തെന്നാൽ നിങ്ങളുടെ പേരുകൾ സ്വർഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു" (ലൂക്കാ 10:20). ദൈവസ്നേഹത്തിന്റെ ഒരനുഭവം ശിഷ്യന്മാർക്കു നല്കപ്പെട്ടു. മാത്രമല്ല ആ സ്നേഹത്തിൽ പങ്കുചേരാനുള്ള സാധ്യതയും അവർക്ക് നല്കപ്പെട്ടു. ഈ അനുഭവം യേശുവിന്റെ ഹൃദയത്തിൽ കൃതജ്ഞതയുടെയും സന്തോഷത്തിന്റെയും കാരണമായി. ലൂക്കാ സുവിശേഷകൻ ഈ സന്തോഷപ്രകടനത്തെ ത്രിത്വാത്മകസംസർഗത്തിന്റെ വീക്ഷണത്തിൽ കാണുന്നു. "യേശു പരിശുദ്ധാത്മാവിൽ സന്തോഷിക്കുകയും" പിതാവിങ്കലേക്കു

തിരിഞ്ഞ് അവിടത്തെ സ്തുതിക്കുകയും ചെയ്തു. സ്വർഗത്തിന്റെയും ഭൂമിയുടെയും നാഥനും ജ്ഞാനികളിലും ബുദ്ധിമാന്മാരിലും നിന്നു മറച്ച് ഈ വസ്തുതകൾ ശിശുക്കൾക്കു വെളിപ്പെടുത്തിയവനുമായ (cf ലൂക്കാ 10:21) തന്റെ പിതാവിനോടുള്ള അളവറ്റ, പുത്രനടുത്ത സ്നേഹത്തിൽ നിന്നാണ് അഗാധമായ സന്തോഷത്തിന്റെ ഈ നിമിഷം ഉത്ഭവിക്കുന്നത്. ദൈവം മറച്ചുവയ്ക്കുകയും വെളിപ്പെടുത്തുകയും ചെയ്യുന്നു. സ്തുതിയുടെ ഈ പ്രാർത്ഥനയിൽ അവിടത്തെ വെളിപ്പെടുത്തലാണ് ശ്രദ്ധേയമായിട്ടുള്ളത്. എന്താണ് ദൈവം വെളിപ്പെടുത്തുകയും മറച്ചുവയ്ക്കുകയും ചെയ്യുന്നത്? തന്റെ രാജ്യത്തിന്റെ രഹസ്യങ്ങൾ, യേശുവിന്റെ ദൈവിക കർത്തൃത്വത്തിന്റെ വെളിപ്പെടുത്തൽ, സാത്താന്റെ മേലുള്ള വിജയം. തങ്ങളെക്കൊണ്ടുതന്നെ നിറഞ്ഞിരിക്കുകയും എല്ലാ കാര്യങ്ങളും തങ്ങൾക്ക് അറിയാമെന്ന് അവകാശപ്പെടുകയും ചെയ്യുന്നവരിൽനിന്ന് ദൈവം ഇത് മറച്ചുവച്ചു. അവർ മുൻവിധികൊണ്ട് അന്ധരായിരിക്കുന്നു. ദൈവത്തിന് ഒരു സ്ഥാനവും അവർ നല്കുന്നില്ല. യേശു ആവർത്തിച്ചാവർത്തിച്ച് മുന്നറിയിപ്പു നല്കിയവരും അവിടത്തെ സമകാലികരുമായ ചിലരെപ്പറ്റി ചിന്തിക്കാൻ ആർക്കും എളുപ്പമുണ്ട്. പക്ഷേ, അപകടം എപ്പോഴുമുണ്ട്. അതു നമ്മെയും ബാധിക്കുന്നു. ചെറിയവർ എന്നു പറയുന്നത് വിനീതരും ലളിതഹൃദയരും ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും ശബ്ദമില്ലാത്തവരും ക്ഷീണിതരും ഭാരം വഹിക്കുന്നവരുമാണ്. അവരെയാണ് യേശു അനുഗൃഹീതരെന്നു വിളിച്ചത്. മറിയത്തെയും യൗസേപ്പിനെയും യേശു പ്രഘോഷിക്കാൻ പോയപ്പോൾ വിളിച്ച ഗലീലിയിലെ മത്സ്യബന്ധനക്കാരെയും ശിഷ്യന്മാർ എന്നിവരെയുംകുറിച്ച് നാം പെട്ടെന്ന് ചിന്തിക്കുന്നു.

3. "അതേ, പിതാവേ, അതായിരുന്നു അവിടത്തെ കൃപാപൂർണമായ അഭീഷ്ടം" (ലൂക്കാ 10:21). യേശുവിന്റെ ഈ വാക്കുകൾ അവിടുത്തെ ആന്തരിക സന്തോഷാതിരേകത്തെ പരാമർശിക്കുന്നതായി മനസ്സിലാക്കണം. കൃപാപൂർണമായ എന്നത് മനുഷ്യവംശത്തെ സംബന്ധിച്ച് പിതാവിനുള്ള രക്ഷാകരവും ഉപകാരപ്രദവുമായ പദ്ധതിയെ വിവരിക്കുന്നു. ദൈവികമായ ഈ കൃപാപൂർണതയാണ് യേശുവിനെ സന്തുഷ്ടനാക്കിയത്. പിതാവ് തന്റെ പുത്രനോടുള്ള അതേ സ്നേഹത്തോടെ ജനങ്ങളെ സ്നേഹിക്കാൻ ഇഷ്ടപ്പെട്ടു. ഇതിനോടു സമാനമായ മറിയത്തിന്റെ സന്തോഷപ്രകടനവും ലൂക്കാ സുവിശേഷകൻ



സൂചിപ്പിക്കുന്നുണ്ട്: "എന്റെ ആത്മാവ് കർത്താവിന്റെ മഹത്ത്വത്തെപ്പറ്റി പ്രഘോഷിക്കുന്നു. എന്റെ മനസ്സ് എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു" (ലൂക്കാ 1:47). ഇതാണ് രക്ഷയിലേക്കു നയിക്കുന്ന സദ്വാർത്ത. അതിശ്രേഷ്ഠ സുവിശേഷപ്രഘോഷകനായ യേശുവിനെ ഉദരത്തിൽ വഹിക്കുന്ന മറിയം ഏലീശ്വായെ കണ്ടുമുട്ടുകയും പരിശുദ്ധാത്മാവിൽ സന്തോഷിക്കുകയും മഹത്ത്വകീർത്തനം (Magnificat) ആലപിക്കുകയും ചെയ്തു. യേശു തന്റെ ശിഷ്യരുടെ ദൗത്യനിർവഹണത്തിലുള്ള വിജയവും തത്ഫലമായി അവർക്കുണ്ടായ സന്തോഷവും കണ്ട് പരിശുദ്ധാത്മാവിൽ സന്തോഷിച്ചു. തന്റെ പിതാവിനെ വിളിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. ഈ രണ്ടു സംഭവങ്ങളിലും രക്ഷയ്ക്കായുള്ള പ്രവർത്തനത്തിലുള്ള സന്തോഷവും പിതാവിനു പുത്രനോടുള്ള സ്നേഹവും നമ്മിലേക്കു വരുന്നു. പരിശുദ്ധാത്മാവിലൂടെ അതു നമ്മിൽ നിറയുന്നു. പരിശുദ്ധത്രിത്വത്തിന്റെ ജീവിതത്തിൽ നമുക്കു പങ്കു നല്കുകയും ചെയ്യുന്നു.

പിതാവാണ് സന്തോഷത്തിന്റെ ഉറവിടം. പുത്രനാണ് അതിന്റെ ആവിഷ്കരണം. പരിശുദ്ധാത്മാവാണ് അതിന്റെ ദായകൻ. മത്തായി സുവിശേഷകൻ പറയുന്നതനുസരിച്ച് യേശു പിതാവിനെ സ്തുതിച്ചിട്ട് ഉടനെതന്നെ ഇങ്ങനെ പറഞ്ഞു: "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽനിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും. എന്തെന്നാൽ എന്റെ നുകം വഹിക്കാൻ എളുപ്പമുള്ളതും ചുമട് ഭാരം കുറഞ്ഞതുമാണ്" (മത്താ 11:28-30). യേശുവിനെ കണ്ടുമുട്ടുന്ന എല്ലാവരുടെയും ഹൃദയത്തിലും ജീവിതത്തിലും സുവിശേഷത്തിന്റെ സന്തോഷം നിറയുന്നു. അവിടന്നു നല്കുന്ന രക്ഷയുടെ വാഗ്ദാനം സ്വീകരിക്കുന്നവർ പാപത്തിൽ നിന്നും ദുഃഖത്തിൽ നിന്നും ആന്തരിക ശൂന്യതയിൽ നിന്നും ഏകാന്തതയിൽ നിന്നും സ്വതന്ത്രരായിത്തീരുന്നു. ക്രിസ്തുവിനോടുകൂടെ സന്തോഷം നിരന്തരം പുതുതായി ജനിക്കുന്നു" *(Evangelii Gaudium, 1).*

യേശുവുമായുള്ള ഈ കണ്ടുമുട്ടലിന്റെ അനന്യമായ അനുഭവം കന്യകാമറിയത്തിനുണ്ടായി. അങ്ങനെ അവൾ "നമ്മുടെ സന്തോഷത്തിന്റെ കാരണ"മായിത്തീർന്നു. യേശുവിനെ അനുഗമിക്കാനും സുവി

ശേഷം പ്രഘോഷിക്കാൻ യേശുവിനാൽ അയയ്ക്കപ്പെടാനുമുള്ള വിളി
ശിഷ്യന്മാർ സ്വീകരിച്ചു (cf മർക്കോ 3:14). അതുകൊണ്ട് അവർ
സന്തോഷം നിറഞ്ഞവരായി. നമുക്കും എന്തുകൊണ്ട് ഈ സന്തോഷ
ത്തിന്റെ അതിസമൃദ്ധിയിലേക്കു പ്രവേശിച്ചുകൂടാ?

4. "ഉപഭോഗസംസ്കാരം നിറഞ്ഞിരിക്കുന്ന ഇന്നത്തെ ലോക
ത്തിലെ വലിയ അപകടം ഇതാണ്: തൃപ്തിപ്പെട്ടതും എന്നാലും ദുരാ
ഗ്രഹം നിറഞ്ഞതുമായ ഹൃദയത്തിൽ നിന്നുണ്ടാകുന്ന ഒറ്റപ്പെടലും
തീവ്രവേദനയും, ക്ഷണികസുഖങ്ങൾക്കുവേണ്ടിയുള്ള ഭ്രാന്തമായ
അന്വേഷണവും, മൂർച്ചയില്ലാത്ത മനസ്സാക്ഷിയും" *(Evangelii Gaudium, 2)*.
യേശുകൊണ്ടുവന്ന രക്ഷ സ്വീകരിക്കുകയെന്നത് മനുഷ്യവംശത്തിന്റെ
വലിയ ഒരാവശ്യമാണ്. യേശുവിന്റെ സ്നേഹത്താൽ കൂടുതൽ കൂടു
തൽ ആശ്ലേഷിക്കപ്പെട്ടവരും ദൈവരാജ്യത്തിനും സുവിശേഷസന്തോ
ഷത്തിന്റെ പ്രഘോഷണത്തിനും വേണ്ടിയുള്ള വികാരാഗ്നിയാൽ മുദ്രി
തരാക്കപ്പെട്ടവരുമാണ് അവിടത്തെ ശിഷ്യന്മാർ. കർത്താവിന്റെ എല്ലാ
ശിഷ്യന്മാരും സുവിശേഷവത്കരണത്തിന്റെ സന്തോഷം വളർത്താൻ
കടപ്പെട്ടവരാണ്. ഈ പ്രഘോഷണത്തിന് ഒന്നാമതായി ഉത്തരവാദി
ത്വപ്പെട്ടവരാണു മെത്രാന്മാർ. ആ നിലയ്ക്ക് പ്രാദേശികസഭയിലെ
പ്രേഷിതത്വസമർപ്പണത്തിലുള്ള ഐക്യം വളർത്താൻ അവർക്കു കട
മയുണ്ട്. നിത്യം എത്തിച്ചേരാവുന്ന തങ്ങളുടെ അധികാരാതിർത്തി
ക്കുള്ളിലെന്നപോലെ തന്നെ ഏറ്റവും അകലെയുള്ള സ്ഥലങ്ങളിലും
യേശുവിനെ അറിയിക്കുന്നതിലുള്ള സന്തോഷം അംഗീകരിക്കാൻ
അവർക്കു കടമയുണ്ട്. അകലെയുള്ള പ്രദേശങ്ങളിൽ ദരിദ്രരിൽ വലിയ
വിഭാഗം ഈ സന്ദേശം കാത്തിരിക്കുന്നുണ്ട്.

ലോകത്തിന്റെ പല ഭാഗങ്ങളിലും വൈദികജീവിതത്തിലേക്കും
സന്ന്യാസത്തിലേക്കുമുള്ള വിളിയുടെ ദൗർലഭ്യം അനുഭവിക്കുന്നുണ്ട്.
മിക്കപ്പോഴും ഇതിന്റെ കാരണം സമൂഹങ്ങളിൽ പ്രേഷിതതീക്ഷ്ണത
യുടെ ആകർഷണമില്ലായ്മയാണ്. സമൂഹങ്ങൾ ആവേശരഹിതമാകു
കയും ആകർഷിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്നു. ക്രിസ്തു
വിനെ കണ്ടുമുട്ടുന്നതിൽ നിന്നും ദരിദ്രരുമായി പങ്കുവയ്ക്കുന്നതിൽ
നിന്നുമാണ് സുവിശേഷസന്തോഷം ഉണ്ടാകുന്നത്. ഇക്കാരണത്താൽ
തീവ്രതയാർന്ന സാഹോദര്യത്തിന്റെ ജീവിതം നയിക്കാൻ ഇടവകസ
മൂഹങ്ങളെയും പ്രസ്ഥാനങ്ങളെയും ഗ്രൂപ്പുകളെയും ഞാൻ പ്രോത്സാ
ഹിപ്പിക്കുന്നു. ആ ജീവിതം യേശുവിനോടുള്ള സ്നേഹത്തിലും ഏറ്റവും



ദരിദ്രരായിട്ടുള്ളവരോടു പുലർത്തുന്ന താത്പര്യത്തിലും അടിയുറച്ച
തായിരിക്കണം. ക്രിസ്തുവിനെ മറ്റുള്ളവരിലേക്ക് എത്തിച്ചുകൊടുക്കു
ന്നതിലുള്ള സന്തോഷവും ആവേശവും ആഗ്രഹവും ഉള്ള സ്ഥലങ്ങ
ളിലെല്ലാം യഥാർത്ഥവിളികൾ ഉണ്ടാകും. ഈ വിളികളിൽ പ്രേഷിത
വേലയ്ക്കായി അല്മായർക്കുള്ള വിളികളെ അവഗണിക്കരുത്. സഭ
യിൽ അല്മായർക്കുള്ള തനിമ, ദൗത്യം എന്നിവയെക്കുറിച്ച് വർധമാ
നമായ ബോധം ഉണ്ടായിട്ടുണ്ട്. സുവിശേഷപ്രചാരണത്തിൽ വർധമാ
നമായ പ്രാധാന്യമുള്ള ഒരു ധർമം ഏറ്റെടുക്കാൻ അവർ വിളിക്കപ്പെട്ടി
രിക്കുന്നുവെന്നത് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഫലപ്രദമായ
പ്രേഷിതപ്രവർത്തനത്തിനായി അവർക്ക് സമുചിതമായ പരിശീലനം
നല്കണം.

5. "സന്തോഷപൂർവം നല്കുന്നവനെയാണ് ദൈവം സ്നേഹി
ക്കുന്നത്" (2 കോറി 9:7). വിജാതീയർക്കുവേണ്ടിയുള്ള പ്രേഷിതപ്ര
വർത്തനത്തിൽ സന്തോഷപൂർവം പങ്കെടുക്കാനുള്ള ആഗ്രഹവും ധാർമി
കകടമയും പുനരുജ്ജ്വലിപ്പിക്കാനുള്ള ഒരവസരവും കൂടിയായിരിക്കണം
ലോകമിഷൻ ദിനാചരണം. വ്യക്തികൾ നല്കുന്ന സാമ്പത്തികസ
ഹായം ഒന്നാമതായി കർത്താവിനും രണ്ടാമതായി മറ്റുള്ളവർക്കും
ആത്മസമർപ്പണം നടത്തുന്നതിന്റെ ഒരടയാളമാണ്. ഇങ്ങനെ സ്നേഹ
ത്തിൻമേൽ പടുത്തുയർത്തപ്പെട്ട ഒരു മനുഷ്യവംശത്തിനായുള്ള സുവി
ശേഷവത്കരണത്തിനുള്ള ഒരു മാർഗമായിത്തീരും ഈ ഭൗതിക സംഭാവന.

പ്രിയ സഹോദരീസഹോദരന്മാരേ, ഈ ആഗോളമിഷൻ ദിന
ത്തിൽ ഞാൻ പ്രാദേശികസഭകളെപ്പറ്റി ചിന്തിക്കുന്നു. നമ്മൾ സുവി
ശേഷവത്കരണത്തിന്റെ സന്തോഷം പിടിച്ചുപറിക്കപ്പെട്ടവരാകാതിരി
ക്കട്ടെ! സുവിശേഷസന്തോഷത്തിൽ മുങ്ങാനും നിങ്ങളുടെ വിളിയും
ദൗത്യവും പ്രകാശിപ്പിക്കാൻ കഴിയുന്ന ഒരു സ്നേഹം വളർത്താനും
ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. ആന്തരിക തീർത്ഥാടനം നടത്തുന്നവ
രെന്ന നിലയിൽ നിങ്ങളുടെ ഹൃദയത്തെ യേശുക്രിസ്തു ഊഷ്മളമാ
ക്കാൻ നല്കിയ "പ്രഥമസ്നേഹ"ത്തെക്കുറിച്ച് ഓർമിക്കാൻ ഞാൻ
നിങ്ങളെ ഓരോരുത്തരെയും ക്ഷണിക്കുന്നു. ആ സ്നേഹം ഗൃഹാതു
രത്വത്തിനുവേണ്ടിയല്ല സന്തോഷത്തിൽ സ്ഥിരം നിലനില്ക്കുന്നതിനു
വേണ്ടിയാണ് ഓർമ്മിക്കേണ്ടത്. കർത്താവിന്റെ ശിഷ്യന്മാർ അവിടത്തെ
സാന്നിധ്യം മനസ്സിലാക്കുകയും അവിടത്തെ ഇഷ്ടം നിറവേറ്റുകയും
തങ്ങളുടെ വിശ്വാസവും പ്രത്യാശയും സുവിശേഷാത്മകസ്നേഹവും

മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും ചെയ്യുമ്പോൾ സന്തോഷത്തിൽ സ്ഥിരം മുന്നേറും.

വിനീതവും സന്തോഷപൂർണവുമായ സുവിശേഷവത്കരണത്തിന്റെ മാതൃകയായ മറിയത്തിന്റെ മധ്യസ്ഥതയിലൂടെ നമുക്കു പ്രാർത്ഥിക്കാം. സഭ എല്ലാ ജനതകൾക്കും സ്വാഗതമരുളുന്ന ഭവനവും അമ്മയും നമ്മുടെ ലോകത്തിന്റെ പുനർജനനത്തിനുള്ള ഉറവിടവും ആയിത്തീരാൻ വേണ്ടി പ്രാർത്ഥിക്കാം.

വത്തിക്കാനിൽ നിന്ന് 8 ജൂൺ 2014, പെന്തക്കുസ്താത്തിരുനാൾ ദിവസം
**ഫ്രാൻസിസ് പാപ്പാ**

## രൂപതക്കച്ചേരി

*C. 63 /2014* **പുതുക്കിയ തിരട്ട് നിരക്ക്**

തിരട്ട് പുതുക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയ കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ട് രൂപതാ ആലോചനാസമിതിയിലും, വൈദികസമിതിയിലും വിശദമായി ചർച്ചചെയ്തശേഷം ഉരുത്തിരിഞ്ഞ തീരുമാനങ്ങൾ 2014-2015 സാമ്പത്തിക വർഷം മുതൽ നടപ്പിൽ വരുത്തുകയാണ്. പുതുക്കിയ സ്ലാബ്, a, b, c, d, e, f, g, h നമ്പറുകളിൽ പറയുന്ന കാര്യങ്ങൾ പരിഗണിച്ചുകൊണ്ട്, താഴെ പറയും വിധമായിരിക്കും.

i) 200,000 രൂപ വരെ - മൊത്ത വരുമാനത്തിന്റെ 5%
ii) 200,001 മുതൽ 2,000,000 രൂപ വരെ - മൊത്ത വരുമാനത്തിന്റെ 10%
iii) 2,000,001 മുതൽ 3,000,000 രൂപ വരെ - മൊത്ത വരുമാനത്തിന്റെ 15%
iv) 3,000,000 രൂപയ്ക്ക് മുകളിൽ - മൊത്ത വരുമാനത്തിന്റെ 20%

a) ഞായറാഴ്ച പിരിവിന്റെ രണ്ട് ശതമാനം ഫീസായി ഈടാക്കുന്നതാണ്. അതിൽ ഒരു ശതമാനം Clergy Relief Fund ലേയ്ക്കുള്ളതാണ്.

b) പുതിയ പള്ളി, പള്ളിമുറി, സ്കൂൾ, കല്പനപ്രകാരം നടത്തുന്ന മറ്റ് പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ലഭിക്കുന്ന പ്രത്യേക സംഭാവനകൾക്ക് ഫീസിളവ് നല്കുന്നതാണ്.

c) തിരുനാൾ പ്രസുദേന്തിവരവും പ്രത്യേക കാര്യങ്ങൾക്കുവേണ്ടിയുള്ള പിരിവുകളും (രൂപതാനിയമസംഗ്രഹം നം. 158, അതുപോലുള്ള മറ്റുപിരിവുകൾ) മൊത്തവരുമാനത്തിൽനിന്ന് ഒഴിവാക്കുന്നു. ഇവ നിർദ്ദിഷ്ട ഉദ്ദേശ്യത്തിന് ഉടനെത്തനെ ഉപയോഗിക്കാതിരിക്കുകയോ ആവശ്യം നിറവേറ്റിയ ശേഷം മിച്ചം വരികയോ ചെയ്താൽ പ്രത്യേക ഫണ്ടായി ബാങ്കിൽ നിക്ഷേപിക്കേണ്ടതാണ്. (രൂപതാനിയമസംഗ്രഹം നം. 340, 709 കാണുക) അങ്ങനെ ചെയ്യാത്തപക്ഷം പള്ളിക്കുള്ള പൊതുസംഭാവനയായി വരവുവച്ച് ഫീസ് കൊള്ളിക്കേണ്ടതാണ്. (നിയമസംഗ്രഹം നം. 350)



d) സാമൂഹ്യസേവനത്തിനായി മൊത്തവരുമാനത്തിന്റെ 10% തുക ഫീസിളവോടുകൂടി ചെലവാക്കാം. ചെലവാക്കുന്ന തുകയെസംബന്ധിച്ച് വിശദാംശങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

e) കാർഷിക വരുമാനത്തിന്റെ 20% ത്തിനു മാത്രമേ ഫീസ് ഈടാക്കുകയുള്ളൂ. 80% -ത്തിനു ഫീസിളവ് നല്കുന്നു. (നിയമസംഗ്രഹം നം. 351 ന്റെ ഭേദഗതി)

f) വാടകയുടെ 25% കിഴിച്ച് ബാക്കിയുള്ള 75% ത്തിന് ഫീസ് ഈടാക്കുന്നതാണ്.

g) കുടുംബക്കല്ലറയ്ക്ക് നിശ്ചയിച്ചിരിക്കുന്ന തുക 50,000 രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. അതിനു പുറമെ നിർമ്മാണച്ചെലവുകൂടി ഈടാക്കാവുന്നതാണ്. നിർമ്മാണച്ചെലവ് മൊത്തവരുമാനത്തിൽപ്പെടുത്തേണ്ടതില്ല. അനുവാദത്തോടുകൂടി കല്ലറയ്ക്ക് കൂടുതൽ തുക ഫീസ് നിശ്ചയിച്ചിട്ടുള്ള ഇടവകകൾ നിർമ്മാണചെലവ് കഴിഞ്ഞുള്ള തുകയ്ക്ക് ഫീസ് നല്കണം.

h) Clergy Relief Fund ലേക്ക് നല്കി വന്നിരുന്ന വൈദികരുടെ 13-ാം മാസത്തെ അലവൻസ് ഇതിനാൽ നിർത്തലാക്കുന്നു. അതിന് പകരമായി മൊത്തവരുമാനത്തിന്റെ 1% പ്രസ്തുത ഫണ്ടിലേക്ക് നല്കേണ്ടതാണ്.

i) വലിയ തീർത്ഥാടന കേന്ദ്രങ്ങളിലെ നേർച്ചപ്പണത്തിന് Special Fees നിർണ്ണയിച്ച് അറിയിക്കുന്നതാണ്.

j) പുതുക്കിയ നിരക്ക് അടുത്ത 3 വർഷത്തേക്ക് പരീക്ഷണാർത്ഥം നടപ്പിലാക്കുന്നു.

ഇതോടൊപ്പം താഴെ പറയുന്ന കാര്യങ്ങൾകൂടി ശ്രദ്ധയിൽപെടുത്തുന്നു:

1) ഇടവക തിരുനാൾ, മറ്റ് ആഘോഷങ്ങൾ എന്നിവയ്ക്കുവേണ്ടി

ചെലവഴിക്കുന്ന തുകയുടെ 10% സാധുജനങ്ങളെ സഹായിക്കുവാനായി സാധിക്കുന്നിടത്തോളം ഇടവകയിൽതന്നെ ചെലവഴിക്കേണ്ടതാണ്.

2) പള്ളിയുടെ എല്ലാ കണക്കുകളും ഒരു ചാർട്ടേഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കുകയും അതാത് സാമ്പത്തിക വർഷത്തിലെ റിപ്പോർട്ടിന്റെ ഒരു കോപ്പി തിരട്ടിനോടൊപ്പം രൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഹാജരാക്കേണ്ടതുമാണ്.

3) പള്ളിയിൽ ലഭിക്കുന്ന എല്ലാ പിരിവുകൾക്കും സംഭാവനകൾക്കും രസീത് നല്കണം. വരവ് ചെലവുകളുടെ രസീത്, ബിൽ, വൗച്ചർ എന്നിവ പള്ളിയിൽ സൂക്ഷിക്കണം. പരിശോധനയ്ക്കായി ആവശ്യം വന്നാൽ ലഭ്യമാക്കണം.

4) വിവാഹാവസരത്തിൽ നൽകുന്ന പതവാരത്തിന്റെ കണക്ക് തീയതിയും പേരും വച്ച് തിരിച്ച് എഴുതണം. രസീത് കൃത്യമായി നൽകണം. പതവാരത്തിന്റെ ഒരു ഭാഗം ഏതെങ്കിലും പ്രത്യേകകാര്യത്തിനുള്ള സംഭാവനയായിട്ടാണ് വാങ്ങുന്നതെങ്കിൽ അക്കാര്യം രസീതിലും പള്ളിക്കണക്കിലും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ഈ കണക്കുകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

*Bishop*

## *C.64 /2014* കല്ലറയുടെ പുതുക്കിയ നിരക്കും പുതിയ കല്ലറകളുടെ സ്ലാബുകളും

കുടുംബക്കല്ലറയ്ക്ക് 2014 നവംബർ മാസം 1-ാം തീയതി മുതൽ 50,000 രൂപ ഫീസ് നിശ്ചയിച്ചിരിക്കുന്നു. പണിക്കൂലി ഇതിനു പുറമേയാണ്. അത് എത്രയെന്ന് ഇടവകയിൽ തന്നെ നിശ്ചയിക്കേണ്ടതാണ്.

പുതിയ കുടുംബക്കല്ലറയ്ക്ക് സ്ലാബുകൾ ഇടുമ്പോൾ തറനിരപ്പിൽനിന്ന് ഉയർത്തി പണിയുവാൻ പാടില്ല എന്ന് നിഷ്കർഷിക്കേണ്ടതാണ്. (നിയമസംഗ്രഹം നം. 769 -ന്റെ ഭേദഗതി)

*Bishop*

## *C.65/2014* Priests' Study Forum

A study forum for priests will be conducted on Tuesday, October



14, 2014 from **9.30 am to 11.00 am** at NESTT. Please attend without fail.

*Bishop*

## *C.66/2014* Greetings to Jubilarians

A gathering to greet the golden and silver jubilarians of our eparchy will be conducted on Tuesday, October 14, 2014 from **11.00 am to 12.00 noon** at NESTT, Muvattupuzha. All priests of the eparchy are cordially invited to participate in this family gathering.

*Bishop*

## *C.67/2014* One hour Adoration and Confession

In connection with the family gathering on Tuesday, October 14, 2014 one hour adoration will be conducted from **12.00 noon to 1.00 p.m.** at NESTT. There will be occasion for confession.

*Bishop*

## *C. 68 /2014* ഒക്ടോബർ മാസത്തിലെ ജപമാല

ഒക്ടോബർ മാസം ജപമാലമാസമെന്നാണല്ലോ അറിയപ്പെടുന്നത്. കുടുംബങ്ങളിലെന്നപോലെ കുടുംബക്കൂട്ടായ്മകളിലും ഇടവകകളിലും ആഘോഷമായി ജപമാല ചൊല്ലുന്ന കാര്യം ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു. പരി. അമ്മവഴിയായി ധാരാളം അനുഗ്രഹം ഏവർക്കും ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

*Bishop*

## *C.69 /2014* കുർബാനക്കണക്കും കുമ്പസാരപത്തേന്തിയും

പരിശോധനയ്ക്കായി കുർബാന കണക്കും പുതുക്കുന്നതിനായി കുമ്പസാരപത്തേന്തിയും ഏല്പിച്ചിട്ടില്ലാത്തവർ 2014 ഒക്ടോബർ 14 ചൊവ്വാഴ്ച NESTT-ൽ നടക്കുന്ന സമ്മേളനത്തിന് വരുമ്പോൾ അവ കൊണ്ടുവരണമെന്ന കാര്യം ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു.

*Chancellor*

## *C.70 /2014* കുർബാന നിയോഗങ്ങൾ

സെപ്റ്റംബർ മാസത്തിലെ ധ്യാനത്തിൽ പങ്കെടുക്കാത്തവർ താഴെ പറയുന്ന നിയോഗങ്ങളിൽ കുർബാന അർപ്പിക്കണമെന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു.

രൂപതയിലെ വൈദികർക്കായി - 1
അഭിവന്ദ്യ പിതാവിന്റെ നിയോഗങ്ങൾക്കായി - 4
(ഉപവിപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതിന്)

ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ രൂപതയിൽനിന്നും അട്ടപ്പാടി സെഹിയോനിൽ ധ്യാനത്തിൽ പങ്കെടുത്തവർ ധ്യാനത്തിന്റെ ചെലവിലേക്കായി 5 കുർബാന അർപ്പിക്കണം എന്ന കാര്യവും പ്രത്യേകം ഓർക്കുമല്ലോ.

*Chancellor*

## *Pr.C 7 /2014* Report of the Presbyteral Council held on Tuesday, September 09, 2014

An extra ordinary meeting of the Presbyteral Council was held on Tuesday September 9, 2014 at the Bishop's House. Mar George Madathikandathil, the Eparchial Bishop presided over the meeting. Twenty four members participated. The meeting started with a prayer at 10.00 am. His Excellency welcomed the participants. The report of the previous meeting was read out and passed.

The main agenda of the meeting was finalization of the slab of *Thirattu* Fee. The report of the Committee set up for this purpose and the observations made by the Eparchial Consultors were discussed in detail. The slab approved and the supplementary observations are given below:

1. Subject to a, b, c, d, e, f, g, h below,

| | | | |
|---|---|---|---|
| (i) | Up to Rs. 200,000 | - | 5% of the total income |
| (ii) | From Rs. 200,001 to 2,000,000 | - | 10 % " |
| (iii) | Rs. 2,000,001 to 3,000,000 | - | 15% " |
| (iv) | Above Rs. 3,000,000 | - | 20% " |

Exceptions, exemptions and additions:

a. Sunday collection is exempted from total income. The fee on Sunday collection will be 2%, of which 1% shall be given to the Clergy Relief Fund.

b. Fee exemption is given for donations given for constructing new Church, presbytery, School and other major constructions and maintenances done with permission from the Curia.



c. Donations for parish feasts and special collections (Diocesan Statute No. 158, and the like) are exempted. If such collections are not used immediately for fulfilling their purpose, or if a balance arises after fulfilling it, they are to be kept in bank as special funds (Diocesan Statutes Nos. 340, 709). Failing to do so, such funds are to be added to the accounts as common funds (Diocesan Statutes No. 350), for which fee is levied.

d. 10% of the total income can be expended with fee exemption for Social Services. Detailed accounts of such expenditures are to be kept in the parish and made available for further scrutiny.

e. 80% of the total agricultural income is exempted. Fee is to be given only for 20% of it (Amendment of Diocesan Statutes No. 351).

f. 25% of the income from rent is exempted. Fee is to be given for 75% of the total rent.

g. The Rate for family tomb is increased to Rs. 50, 000. This does not include the cost of construction, which shall be decided by the parish. The cost of construction is exempt from the *thirattu* fee. If a higher rate has been fixed with permission from the Curia, the whole income excluding the cost for construction is to be included in the total income.

h. The 13$^{th}$ month's allowance given for the Clergy Relief Fund is hereby cancelled. Instead of it, 1% of the total income is to be given for that purpose.

i. Special fee will be levied for the offerings received in main pilgrim centres.

The council suggested to implement this renewed slab on an experimental basis for the coming three financial years from 2014-2015.

The following suggestions also received full support of all the members:

1. Give receipts to all donations and collections received in the parish. Keep the receipts, vouchers and bills for accounting and scrutiny.
2. *Pathavaram* received in the parish is to be accounted with full details including name of the donor and the date received. Receipts are to be given in each case. If a part of *pathavaram* is received as donation for a specific purpose, that is to be noted down and written separately in the receipt and in the account. This account is to be kept for further scrutiny, if needed.

3. The auditing of annual accounts by a chartered accountant is to be done by all means and a copy of the report is to be submitted to the finance office.
4. When tomb stones are laid for family tombs the height should not exceed the ground level (hereby the Diocesan Statutes No. 769 is amended).

The meeting came to an end by 1.00 pm with the concluding talk of the President and prayer.

*Secretary*

## *Pr.C 8/2014* Meeting of the Presbyteral Council

An ordinary meeting of the Presbyteral Council will be held on Tuesday, December 16, 2014 from 10.00 am to 4.00 pm at the Bishop's House. The members are cordially invited.

Topics to be included in the Agenda may be sent to the secretary before November 15, 2014.

*Secretary*

## *PC.7/2014* Pastoral Council Members

Mgr. Francis Alappatt, Mgr. George Oliapuram, V. Rev. Frs. Mathew Valiamattam, Mathews Malieckal, George Thekkekara, Stanley Pulprayil, Kuriakose Kodakallil, Thomas Periapuram, Francis Keerampara, John Muringamattam, Stanislaus Kunnel, John Elanjedath, Thomas Pothanamuzhi, Joseph Adappoor, John Anikottil, Jacob Puthiyedath, Joseph Koithanath, Jose Monippilly, Paul Nedumpurath, George Thanathuparambil, Vincent Nedungattu, Paul Parathazham, Pius Malekandathil, Mathew Athickal, Thomas Kuzhinjalil, Augustine Vattakkattu, Francis Kannadan, George Chettoor, George Karakunnel, George Pottackal, Geo Thadikkatt, Jacob Thalappillil, Jose Pulparambil, Joseph Ezhumayil, Mathews Thevarpadam, Paul Choorathotty, Paul Karakombil, Sebastian Namattathil, Manuel Pichalakatt, Thomas Manjakunnel CMI, Benny Cheruchilambil CST, Jose Chettoor VC, Michael Parusseril OFM Cap., Thomas Kunnappillil O.Carm., Augustine Valummel OCD, Joseph Valliamthadathil CMF, John Sankarathil OSFS, Anto Kurinjikkattu MSJ, Rev. Bro. Philip CST.



V. Rev. Srs. Jyothis MSJ, Devotia CMC, Rincy FCC, Sancta MSJ, Animus Mamoottil SH, Brigit Muthuplackal SABS, Glady SD, Deepa CSN, Maries Mampilly CHF, Christy SMS, Jose Mary DM, Josline ASMI, Selin SMC, Magi LSDP, Sobel CSM, Tessy Augustine ASI, Smt. Marykutty Sebastian, Smt. Rose Pulparambil, Smt. Mercy Shaji Kumminiyil, Smt. Teena Mathew Munduvalayil, Smt. Shiby Baby Puthenpurackal, Smt. Delsy Luckachan, Smt. Marykutty Augustine, Smt. Anie Jose Elayidom, Smt. Molly Thomas Kakkanattu, Smt. Lissy Jolly Thennana, Smt. Rosamma George.

Sri. Arun Jose Puthenpurackal, Sri. Bijo Manuel Kallumkal, Sri. Iypachan Thadikkattu, Prof. Johnson Varghese Nedumpurath, Sri. Albin Jose Kochuvembillil, Adv. Thomas Mathew Chempakathinal, Sri. James Korambel, Sri. George Kelakom, Sri. M.C. Chacko Myalil, Sri. Antony P.R. Panachithara, Sri. Sherry Abraham Ottakudisseril, Sri. Mathachan Chemplankal, Sri. Babu Malikkudy, Sri. Jose Edappatt, Sri. George Mathew Ambattu, Sri. Sijumon Francis, Sri. Sabu Jose Pothoor, Sri. Baby Mathew Puthenpurackal, Sri. Mathew V. M. Vechoor, Sri. Sojan Jose Kunnumpurath, Sri. Joy Mani Sasthamkunnel, Sri. M.M. Mathew Mattathinanickal, Sri. K.T. Paul Kuzhippillil, Sri. Mathew Kandirickal, Sri. N.G. Luckachan Nambiaparambil, Sri. Mathew Stephen Vattakatt, Sri. Joseph Moolassery, Sri. Joy Varghese Parathalackal, Sri. Paulson Mathew Vaniakizhakkel, Adv. Abraham Joseph Thottupuram, Sri. Jose Antony Kavumpuram, Sri. George Kodiyattu, Sri. V.C. Mathachan Vadakkel, Prof. Jose Vadakkekudy, Sri. Jose Varghese Maniattu, Sri. Raju Panath, Sri. George Pulickal, Sri. Jose Mathew Kottuppillil, Prof. Dr. T.M. Joseph, Sri. Gigi George Vazhayil, Sri. Sigy Augustine, Adv. Raiju Varghese Pandimattam, Adv. Biju P. Sebastian Parayannilam, Sri. Deepu Valiamattam, Sri. C.J. Mathew Chirakandathil, Sri. Thomas Velliyamthadam, Sri. Johny Joseph Kallikadan, Sri. Prageesh C. Mathew Chimminikattu, Sri Jenny K. Alex Kunnel, Sri. Jose Kappen, Sri. K.C. George Kallath, Sri Felix Varkeykunju Oliapuram, Sri. Tomy Valloppillil, Sri. Thankachan Arimattam, Sri.Shajan Thekkekara, Sri. Rajesh Pittappillil, Sri. Anto Valookkaran, Sri. Thomas Thekkekoot, Sri. Joice George MP., Sri. P. J. Joseph Minister, Sri. Joseph Vazhackan MLA, Sri. Francis George Ex. M.P., Sri. Johny Nellore Ex. MLA.

*Chancellor*

*PC.8/2014* **Meeting of the Pastoral Council**

The first meeting of the newly constituted Pastoral Council will be held on **Saturday, December 20, 2014 from 10.00 am to 4.00 pm** at the Bishop's House. The members are cordially invited.

*Chancellor*

## മൈനർ സെമിനാരി

*MS 27 /2014* **Angels' Meet**

മൈനർ സെമിനാരി ബ്രദേഴ്സിന്റെ നേതൃത്വത്തിൽ 1 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി സെപ്തംബർ 9-ാം തീയതി നീണ്ട പാറ പള്ളിയിലും സെപ്തംബർ 14-ാം തീയതി ഞായറാഴ്ച അരിക്കുഴ, കല്ലൂർക്കാട്, ഏനാനല്ലൂർ, തഴുവംകുന്ന്, മാതിരപ്പിള്ളി, മലയിഞ്ചി, പൂയം കുട്ടി, അഞ്ചിരി, പെരുമ്പല്ലൂർ, വാഴക്കാല, വാഴപ്പിള്ളി ഈസ്റ്റ്, രണ്ടാർ, തൊമ്മൻകുത്ത് എന്നിവിടങ്ങളിലും Angels' Meet നടന്നു. സഹകരിച്ച എല്ലാ വികാരിയച്ചന്മാർക്കും ഹൃദയപൂർവം നന്ദി.

*MS 28 /2014* **Charity Day ആചരിച്ചു**

സെപ്തംബർ 5-ാം തീയതി മദർ തെരേസയുടെ തിരുനാൾ ദിനം ചാരിറ്റി ദിനമായി ആചരിച്ചു. അന്നേദിവസം CMC സിസ്റ്റേഴ്സിന്റെ നടത്തുന്ന സെന്റ് ജോസഫ് അസൈലം സന്ദർശിച്ച് കലാപരിപാടികൾ അവതരിപ്പിക്കുകയും അവരോടൊപ്പം സ്നേഹവിരുന്നിൽ പങ്കെടുക്കുകയും ചെയ്തു.

*MS 29 /2014* **ഓണാഘോഷം**

അത്തപ്പൂക്കളത്തിന്റെയും ഓണക്കളിയുടെയും അകമ്പടിയോടെ മൈനർ സെമിനാരിക്കാർ ഓണം ആഘോഷിച്ചു. പുലികളിയും വഞ്ചിപ്പാട്ടും മാവേലിമന്നന്റെ വരവിനെ മനോഹരമാക്കി. അഭിവന്ദ്യ പിതാവിനോടും റോമിലെ ലാറ്ററൻ സർവകലാശാല പ്രൊഫസർ മോൺ.



ജാൻഫ്രാങ്കോ ബാസ്തിയോടും ബഹു. വൈദികരോടും ഒപ്പം വിഭവ സമൃദ്ധമായ ഓണസദ്യ ആസ്വദിച്ചു.

*MS 30 /2014* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Jerin Nellikattil, Muttathupara | ₹ | 1000 |
| 2 | Aleykutty George Oliapuram, Mathirappilly | ₹ | 16000 |
| 3 | Aleykutty Mani Ponkallumkal, Meenkunnam | ₹ | 5000 |
| 4 | Shaji Munjatt, Thodupuzha East | ₹ | 10000 |

*Rector*

## വിജ്ഞാനഭവൻ

*V. 80/2014* **ഒന്നാം സെമസ്റ്റർ പരീക്ഷ - ഒക്ടോബർ 12**

ഈ വർഷത്തെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 12 ഞായറാഴ്ചയായിരിക്കും നടത്തുക. ചോദ്യപേപ്പറിൽ തന്നെയാണ് ഉത്തരം എഴുതേണ്ടത്.

I മുതൽ X വരെയുള്ള ക്ലാസ്സുകളിൽ ഒന്നാം പാഠം മുതൽ ഏഴാം പാഠം വരെയും XI, XII ക്ലാസ്സുകളിൽ ഒന്നു മുതൽ ആറു വരെയുമുള്ള പാഠങ്ങളാണ് ഈ പരീക്ഷയ്ക്ക് പഠിക്കേണ്ടത്. അതാത് ക്ലാസ്സുകളിൽ പഠിക്കേണ്ട വിശുദ്ധരെ സംബന്ധിച്ചും നമസ്കാരങ്ങളെ സംബന്ധിച്ചും ചോദ്യങ്ങൾ ഉണ്ടായിരിക്കും. ചോദ്യപേപ്പറുകൾ ഒക്ടോബർ 11-ാം തീയതി മേഖലാകേന്ദ്രങ്ങളിൽനിന്ന് ലഭിക്കുന്നതാണ്.

Std. I - IX Classes 11.00 am -1.00 pm
Std X, XI, XII Classes 2.00 pm - 4.00 pm

**X, XII ക്ലാസ്സുകളിലെ മൂല്യനിർണ്ണയം നടത്തിയ പേപ്പറുകളും മാർക്കെഴുതിയ B list -ഉം മേഖലാ കേന്ദ്രത്തിൽ ഒക്ടോബർ 18**

**ശനിയാഴ്ച എത്തിക്കുക.** വിജ്ഞാനഭവൻ ഓഫീസിൽ മറ്റു ദിവസങ്ങളിലും ഉത്തരക്കടലാസുകൾ സ്വീകരിക്കുന്നതാണ്.

NB. 1, 2 ക്ലാസ്സുകളിൽ ചോദ്യപരീക്ഷയായിരിക്കും.

*V. 81/2014* **SAY Exam**

ഒക്ടോബർ 31 വെള്ളി - SAY Exam-ന്റെ രജിസ്ട്രേഷൻ ആരംഭിക്കുന്നു.
നവംബർ 10 തിങ്കൾ - SAY Exam-ന്റെ രജിസ്ട്രേഷൻ അവസാനിക്കുന്നു.
നവംബർ 16 ഞായർ - SAY Exam-ന്റെ സമയം 11.00 am - 1.00 pm
ഡിസംബർ 1 തിങ്കൾ - SAY Exam-ന്റെ പേപ്പറുകൾ മൂല്യനിർണ്ണയം നടത്തി മേഖലാ കേന്ദ്രത്തിൽ/രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തീയതി.
ഡിസംബർ 20 ശനി - SAY Exam Result
രജിസ്ട്രേഷൻ ഫീസ് ₹ 20/-

NB.
- ✪ X, XII - ക്ലാസ്സുകളിലെ ചോദ്യപേപ്പർ രൂപതാ കേന്ദ്രത്തിൽ നിന്നും തയ്യാറാക്കി നല്കുന്നതാണ്.
- ✪ നവംബർ 15 ശനിയാഴ്ച ചോദ്യപേപ്പറുകൾ മേഖലാകേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
- ✪ മറ്റ് ക്ലാസ്സുകളിൽ അദ്ധ്യാപകർതന്നെ ചോദ്യങ്ങൾ തയ്യാറാക്കേണ്ടതാണ്.

*V. 82/2014* **സൺഡേസ്കൂൾ, വിശ്വാസോത്സവം പുസ്തകങ്ങളുടെ ഓർഡർ ഫോം**

സൺഡേ സ്കൂൾ പുസ്തകങ്ങളുടെയും വിശ്വാസോത്സവം പുസ്തകങ്ങളുടെയും ഓർഡർ ഫോം ഇനിയും തരാത്തവർ ഒക്ടോബർ 10-ന് മുമ്പ് തരേണ്ടതാണ്. **ഒക്ടോബർ 10-ന് ശേഷം തരുന്ന ഓർഡറുകൾക്ക് കമ്മീഷൻ ലഭിക്കുന്നതല്ല.**

*V. 83/2014* **SMC അവാർഡ് 2014 -2015**

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷൻ നടത്തുന്ന പ്രതിഭാ പുരസ്കാര അവാർഡിനായുള്ള ക്യാമ്പിലേക്ക് രൂപതയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നതിന് വേണ്ടി വിജ്ഞാനഭവനിൽ പേര് തന്നിരിക്കുന്ന കുട്ടികൾക്ക് വേണ്ടിയുള്ള സെലക്ഷൻ ക്യാമ്പ് 2014 നവംബർ 3-ാം തീയതി തിങ്കളാഴ്ച മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടക്കുന്നതാണ്. പ്രൈവറ്റ് രജിസ്ട്രേഷൻകാരെ പറഞ്ഞയയ്ക്കേണ്ടതില്ല.
തീയതി - നവംബർ 3 തിങ്കൾ



സമയം - 9.30 am- 3.30 pm
☆ ഉച്ചഭക്ഷണം കരുതേണ്ടതാണ്.
☆ പേര് തരാത്തവർ പങ്കെടുക്കുവാനായി വരേണ്ടതില്ല.
☆ ഫൊറോന, രൂപതാതല തെരഞ്ഞെടുപ്പുകളും അന്നുതന്നെയായിരിക്കും.

*V.84/2014* **വിശ്വാസപരിശീലകർക്കുള്ള ക്വിസ് മത്സരം**

വിശ്വാസപരിശീലകരുടെ തുടർപഠനത്തിന്റെ ഭാഗമായാണ് ക്വിസ് മത്സരം നടത്തുന്നത്. കഴിഞ്ഞവർഷം 8 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പുസ്തകങ്ങൾ പഠനവിഷയമായി തിരഞ്ഞെടുത്തത് ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ്.

സമൂഹകേന്ദ്രീകൃതം എന്ന് വിശേഷിപ്പിക്കപ്പെടുന്ന 11, 12 ക്ലാസ്സുകളിലെ പുസ്തകങ്ങളാണ് ഈ വർഷം പഠനവിഷയമാക്കേണ്ടത്. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം ക്രിസ്തുവിലുള്ള ജീവിതത്തെക്കുറിച്ച് പഠിപ്പിക്കുന്ന കാര്യങ്ങൾ ഒന്നാം ഖണ്ഡം അറിഞ്ഞിരിക്കേണ്ടതാണ് (CCC 1691-2051).

**ചോദ്യങ്ങളുടെ മാതൃക.**

| | |
|---|---|
| **ആകെ മാർക്ക്** | **- 50** |
| ബ്രായ്ക്കറ്റിൽ നിന്നും തിരഞ്ഞെടുക്കുക | - 10 |
| ഉചിതമായത് പൂരിപ്പിക്കുക | - 10 |
| ഒറ്റവാക്കിൽ ഉത്തരമെഴുതുക | - 10 |
| ചേരുംപടി ചേർക്കുക | - 5 |
| ബൈബിൾ വാക്യം (പാഠപുസ്തകത്തിൽ നിന്നു മാത്രം) | - 5 |
| ഒരു വാക്യത്തിൽ ഉത്തരമെഴുതുക | - 10 |

50-ൽ 5 മാർക്കിന്റെ ചോദ്യം പൊതുവിജ്ഞാനമായിരിക്കും.

**ഇടവകതലം : ഡിസംബർ 7 ഞായർ**
**സമയം : 12.00 noon - 1.00 p.m.** (അതാത് ഇടവകകളിൽ).
**രൂപതാതലം : 2015 ജനുവരി 10 ശനി**
**സമയം : 10.30 a.m - 12.00 noon.**
**സ്ഥലം : വിജ്ഞാനഭവൻ കേന്ദ്രം**

ഇടവകതലത്തിൽ നടത്തുന്ന പരീക്ഷയുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം നടത്തി എല്ലാ അദ്ധ്യാപകരുടെയും ഉത്തരക്കടലാസും വിജ

യികളായവരുടെ പേരും, ഡിസംബർ 15-ാം തീയതിക്കകം രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

*V. 85/2014* **വിശ്വാസപരിശീലകർക്കുള്ള ലേഖനമത്സരം**

**"സാക്ഷ്യജീവിതം വിശ്വാസ സംപ്രേഷണത്തിന്"** എന്നതായിരിക്കും ലേഖനവിഷയം. ലേഖനം 15 പേജിൽ കവിയരുത്. ലേഖനങ്ങൾ രൂപതാ ഓഫീസിൽ എത്തിക്കേണ്ട അവസാനതീയതി 2014 ഒക്ടോബർ 30. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് സമ്മാനങ്ങൾ നല്കുന്നതാണ്. ബഹു. സിസ്റ്റേഴ്സിനും അല്മായാദ്ധ്യാപകർക്കും പ്രത്യേകമായിട്ടാണ് സമ്മാനങ്ങൾ നൽകുന്നത്.

*V.86/2014* **കവിതാരചന**

ഹൈസ്കൂൾ, ഹയർസെക്കണ്ടറി തലത്തിലുള്ള വേദപാഠക്ലാസ്സുകളിലെ കുട്ടികൾക്ക് വേണ്ടിയാണ് മത്സരം നടത്തുന്നത്. വിശുദ്ധ കുർബാനയുമായി ബന്ധപ്പെട്ട വിഷയമായിരിക്കണം. A4 size പേപ്പറിൽ രണ്ട് പേജിൽ കവിയാൻ പാടില്ല. (40/50 വരികൾ എന്ന് നിജപ്പെടുത്തിയിരിക്കുന്നു.)

- കവിതകൾ 2014 ഒക്ടോബർ 30 -ന് മുമ്പ് വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണം.
- രചനകൾ അയയ്ക്കുന്നവരുടെ കൃത്യമായ വിലാസം, പഠിക്കുന്ന ക്ലാസ്സ് എന്നിവ മറ്റൊരു പേപ്പറിലെഴുതി പിൻ ചെയ്യാൻ മറക്കരുത്.
- തിരഞ്ഞെടുക്കപ്പെടുന്ന കവിതകൾക്ക് സമ്മാനങ്ങൾ നല്കുന്നതാണ്.

*V. 87/2014* **വിശ്വാസപരിശീലന രംഗത്ത് - 50, 45, 40, 35, 25, 10 വർഷം പൂർത്തിയാക്കുന്നവർ**

വിശ്വാസപരിശീലന രംഗത്ത് 10, 25, 35, 40, 45, 50 വർഷം പൂർത്തിയാക്കുന്നവരുടെ പേരുകൾ ചുവടെ ചേർക്കുന്നു. എല്ലാവരേയും പ്രത്യേകം അനുമോദിക്കുകയും ജീവിതത്തിന്റെ ആത്മീയവും ഭൗതികവുമായ മേഖലകളിൽ എല്ലാവിധ വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു. തുടർന്നും നിങ്ങളുടെ സേവനം വിശ്വാസപരിശീലനരംഗത്ത് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ആരുടെയെങ്കിലും പേരുകൾ വിട്ടുപോയിട്ടുണ്ടെങ്കിൽ ഒക്ടോബർ 15-ന് മുമ്പ് വിജ്ഞാനഭവൻ ഓഫീസിൽ അറിയിക്കേണ്ടതാണ്.



**50**

| | | | |
|---|---|---|---|
| 1 | സി. വിനയ FCC | - | ഇഞ്ചതൊട്ടി |

**45**

| | | | |
|---|---|---|---|
| 1 | സി. വിക്ടിമ FCC | - | തൊമ്മൻകുത്ത് |
| 2 | എ. വി. ജോയി അറുകാട്ടിൽ | - | രണ്ടാർ |

**40**

| | | | |
|---|---|---|---|
| 1 | സി. വിയാനി CMC | - | നെടിയശാല |
| 2 | ബേബി ശ്രാമ്പിക്കൽ | - | കാളിയാർ |
| 3 | സി. ഫ്ളോറിയ FCC | - | ഉടുമ്പന്നൂർ |
| 4 | സി. ബെറ്റി CMC | - | നെടുങ്ങപ്ര |
| 5 | സി. ലിജി റോസ് SH | - | തഴുവംകുന്ന് |

**35**

| | | | |
|---|---|---|---|
| 1 | എം. എ. ജോൺ മണിയാട്ട് | - | ആരക്കുഴ |
| 2 | സി. ഫ്രാൻസലെറ്റ് FCC | - | കരിമണ്ണൂർ |
| 3 | സി. ബെൻസി CMC | - | നാടുകാണി |
| 4 | തോമസ് വി. വി. വയലിൽ | - | നാടുകാണി |
| 5 | സി. സൂസി FCC | - | വണ്ടമറ്റം |
| 6 | സി. ക്രിസ്റ്റെല്ല SH | - | രണ്ടാർ |

**25**

| | | | |
|---|---|---|---|
| 1 | സി. റ്റെസിൻ CMC | - | അരിക്കുഴ |
| 2 | മേരി മാത്യു ഞൊടിയപ്പിള്ളിൽ | - | പെരുമ്പല്ലൂർ |
| 3 | സി. ഫിലോമിന ചെറുനിലം SABS | - | കാളിയാർ |
| 4 | സി. ജാൻസി എബ്രാഹം FCC | - | കരിമണ്ണൂർ |
| 5 | മേരി കെ. സി. ഊന്നനാൽ | - | ഉടുമ്പന്നൂർ |
| 6 | സി. ജെസ്മിൻ CMC | - | കുറുപ്പംപടി |
| 7 | സി. ജിൻസി FCC | - | ഏഴല്ലൂർ |
| 8 | ഡെയ്സി ജോസഫ് നെല്ലിക്കാനത്തിൽ | - | കോടിക്കുളം |
| 9 | ബേബി ഫ്രാൻസീസ് സ്രാമ്പിക്കൽ | - | കലയന്താനി |
| 10 | ജോസഫ് മാത്യു പാറയിൽ | - | നെടിയകാട് |
| 11 | സി. ശാന്തി FCC | - | തൊടുപുഴ |
| 12 | സി. ജെസ്ലിൻ വാരികാട്ട് SH | - | ആയവന |
| 13 | ഷാജി വർഗീസ് പുൽപറമ്പിൽ | - | ബസ്ലേഹം |
| 14 | ജോഷി വരിയ്ക്കമാക്കൽ | - | വെട്ടിമറ്റം |

**10**

| | | | |
|---|---|---|---|
| 1 | ഷിന്റോ ജോസഫ് ഓലിക്കൽ | - | ആരക്കുഴ |
| 2 | സി. ലിറ്റിൽ ട്രീസ CMC | - | അരിക്കുഴ |
| 3 | അൻലിറ്റ ടോമി കുഴികണ്ണിയിൽ | - | മീങ്കുന്നം |
| 4 | ജാൻസി ജോളി ചിറ്റേത്ത് | - | മീങ്കുന്നം |

| | | | |
|---|---|---|---|
| 5 | ജോമോൻ ജോർജ് മ്യാലിൽ | - | പെരുമ്പല്ലൂർ |
| 6 | ഷേർളി പോൾ പുതുകുളം | - | ചീനിക്കുഴി |
| 7 | സാലി സിബി തുണ്ടിയിൽ | - | ചീനിക്കുഴി |
| 8 | റോസമ്മ എം. ഫ്രാൻസീസ് മറ്റത്തിനാനിക്കൽ | - | ചെപ്പുകുളം |
| 9 | ഷൈജു ദേവസ്യ തെക്കേക്കുന്നേൽ | - | മലയിഞ്ചി |
| 10 | ലിറ്റി ജെറോം കാക്കനാട്ട് | - | നെയ്യശ്ശേരി |
| 11 | ലിന്റോ ജോർജ് ചുണ്ടക്കരയിൽ | - | ഉടുമ്പന്നൂർ |
| 12 | ഷൈൻ പീറ്റർ വെട്ടിക്കുഴിയിൽ | - | ഉടുമ്പന്നൂർ |
| 13 | സാലി ഷാജി പനയ്ക്കൽ | - | കോട്ടപ്പടി |
| 14 | ദിവ്യ തോമസ് പുതുപറമ്പിൽ | - | ഞായപ്പിള്ളി |
| 15 | രാഖി ഷാജ് തോമസ് കണ്ടത്തിൽ | - | വടാട്ടുപാറ |
| 16 | ഷൈനി ഷാജി കാട്ടുകുടിയിൽ | - | കല്ലൂർ |
| 17 | മേഴ്സി മാത്യു നെടുങ്കല്ലേൽ | - | നാകപ്പുഴ |
| 18 | മേരിക്കുട്ടി ഡോമിനി അറയ്ക്കൽ | - | തഴുവംകുന്ന് |
| 19 | റോയി പൗലോസ് കാവാട്ട് | - | കോലടി |
| 20 | സ്റ്റെല്ല സിബിച്ചൻ പഴയംപറമ്പിൽ | - | കുണിഞ്ഞി |
| 21 | മാഗി ജോർജ് കട്ടക്കയം | - | ചാലാശ്ശേരി |
| 22 | ജോവിയസ് ആന്റണി നമ്പേലിൽ | - | കോടിക്കുളം |
| 23 | സലോമി പാറയിൽ | - | മുതലക്കോടം |
| 24 | സജി ജോർജ് കൊച്ചുപാലിയത്ത് | - | പാറപ്പുഴ |
| 25 | സി. ലൂസിയ അച്ചാരുകുടിയിൽ SABS | - | ആനിക്കാട് |
| 26 | സി. ബെറ്റി പുതുമനക്കുന്നത്ത് SABS | - | ആനിക്കാട് |
| 27 | റെജിമോൾ ജെയിംസ് | - | കാരക്കുന്നം |
| 28 | മേഴ്സി ജോൺ മങ്കമ്പ്രയിൽ | - | മാറാടി |
| 29 | ആന്റണി വേലമ്മാവുകുടി | - | ഇഞ്ചത്തൊട്ടി |
| 30 | സീന പോളി പുതയത്തുമോളയിൽ | - | ഊന്നുകൽ |
| 31 | ഗ്രേസിക്കുട്ടി ഫ്രാൻസീസ് നടുവിലേകിഴക്കേൽ | - | ഊന്നുകൽ |
| 32 | റിജിൽ ജോയി വെട്ടിയാങ്കൽ | - | പെരുമണ്ണൂർ |
| 33 | വത്സമ്മ ബേബി തൊട്ടിയിൽ | - | പന്നിമറ്റം |
| 34 | ജോർജ് ജോസഫ് മൈലാടൂർ | - | പൊന്നന്താനം |
| 35 | ത്രേസ്യാമ്മ ജോസഫ് | - | കദളിക്കാട് |
| 36 | ജോബി കല്ലറയ്ക്കൽ | - | കദളിക്കാട് |
| 37 | ലിസി ചാക്കോച്ചൻ കിഴക്കേടത്ത് | - | വാഴക്കുളം |
| 38 | ദീപ മാത്യു വടക്കേക്കുടി | - | വാഴക്കുളം |
| 39 | നോബിൾ ജോസ് ഓലിക്കൽ | - | വാഴക്കുളം |
| 40 | ബ്രിജീറ്റ് തോമസ് ഇലഞ്ഞിക്കൽ | - | പള്ളിക്കാമുറി |
| 41 | ജിബിമോൻ ജെയിംസ് നെയ്വേലിക്കുന്നേൽ | - | പള്ളിക്കാമുറി |
| 42 | സി. സെലിൻ ജോസ് SMC | - | വേട്ടാമ്പാറ |



*V. 88/2014* **വിജ്ഞാനഭവൻ ബുക്ക്സ്റ്റാൾ**

കുർബാനപ്പുസ്തകം, പോക്കറ്റ് ബൈബിൾ, സൺഡേസ്കൂൾ ബാഗ്, കൊന്ത, വെന്തിങ്ങ, സി.ഡി., ഗ്ലോബ്, കാസ, ഗിഫ്റ്റ് ഐറ്റംസ്, പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാണ്.

*Director*

---

# Corporate Educational Agency

*Edn. 52 /2014* **കൊന്തനമസ്കാരം**

ഒക്ടോബർ മാസത്തിൽ നടത്തിവരുന്ന ജപമാല എല്ലാ സ്കൂളുകളിലും സജീവവും ആകർഷകവുമായ രീതിയിൽ നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Edn. 53 /2014* **School Visit**

| | | |
|---|---|---|
| 07-10-2014 | SRLPS | തെക്കുംമല |
| 10-10-2014 | SALPS | ചിലവ് |
| 14-10-2014 | STUPS | നാടുകാണി |
| 17-10-2014 | LFLPS | മീങ്കുന്നം |
| 21-10-2014 | SJUPS | കല്ലൂർ |
| 28-10-2014 | FLPS | കാരക്കുന്നം |

*Edn. 54/2013* **പ്രഥമാദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്**

ഈ ഓഫീസിലേക്ക് അയയ്ക്കേണ്ട ഫാറങ്ങൾ കൃത്യസമയത്തു തന്നെ പൂരിപ്പിച്ച് തിരിച്ച് തരണമെന്ന് ഓർമ്മിപ്പിക്കുന്നു. തരേണ്ട തീയതി താഴെ കുറിക്കുന്നു

| | |
|---|---|
| 1 MG Applications 3 Copy | - 31-08-2014 ന് മുമ്പ് |
| 2 FC Application | - 31-12-2014 |
| 3 Annual Report | - 15-01-2015 |
| 4 അദ്ധ്യാപകനദ്ധ്യാപക അവാർഡ് റിപ്പോർട്ട് | - 15-01-2015 |

*Edn. 55 /2014* **Catechism/ Moral Science Order form**

അടുത്ത അദ്ധ്യയനവർഷത്തിൽ സ്കൂളുകളിലേക്കുള്ള Catechism, / Moral Science പുസ്തകങ്ങളുടെ ഓർഡർ ഫോം ഒക്ടോബർ 20-ാം തീയതിക്ക് മുമ്പായി വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കേണ്ടതാണ്. **അതിന് ശേഷം ലഭിക്കുന്ന ഓർഡറുകൾക്ക് കമ്മീഷൻ ലഭിക്കുന്നതല്ല.**

*Secretary*

## ചെറുപുഷ്പമിഷൻലീഗ്

*CML 45 /2014* **രൂപതാകലോത്സവം**

2014-15 വർഷത്തെ രൂപതാകലോത്സവം ഒക്ടോബർ 2-ാം തീയതി മൂവാറ്റുപുഴ നിർമ്മല ഹയർസെക്കന്ററി സ്കൂളിൽ വച്ച് നടത്തുന്നതാണ്. രാവിലെ 9.15-ന് മത്സരങ്ങൾ ആരംഭിക്കുന്നതാണ്.

*CML 46 /2014* **സംസ്ഥാനകലോത്സവം**

2014-2015 വർഷത്തെ സംസ്ഥാനകലോത്സവം നവംബർ 8-ാം തീയതി ശനിയാഴ്ച ഇടുക്കി രൂപതയിലെ മുരിക്കാശ്ശേരിയിൽ വച്ച് നടത്തുന്നതാണ്. രൂപതാകലോത്സവത്തിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ചവർക്ക് ഇതിൽ സംബന്ധിക്കാവുന്നതാണ്.

*CML 47 /2014* **ലഹരിവിരുദ്ധ സപ്ലിമെന്റ് മത്സരം**

ഒക്ടോബർ 22-ാം തീയതി മൂവാറ്റുപുഴ ലിറ്റിൽ ഫ്ളവർ സ്കൂളിൽ വച്ചും തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽ വച്ചും രാവിലെ 9.30 മുതൽ 11.30 വരെ ലഹരിവിരുദ്ധ സപ്ലിമെന്റ് മത്സരം നടത്തുന്നതാണ്. (പങ്കെടുക്കുന്നവർ അംഗത്വകാർഡും ബാഡ്ജും ധരിച്ചിരിക്കണം.)

**നിബന്ധനകൾ**

1 ഒരു ശാഖയിൽ നിന്നും 21 വയസ്സിൽ താഴെ പ്രായമുള്ള 3 അംഗങ്ങളടങ്ങിയ ഒരു ടീമിന് പങ്കെടുക്കാവുന്നതാണ്.



2 മത്സരസമയം 2 മണിക്കൂർ.
3 സപ്ലിമെന്റ് ലഹരിവിരുദ്ധ ആശയങ്ങൾ ഉൾക്കൊള്ളുന്നതാവണം.
4 കഥ, കവിത, ലേഖനങ്ങൾ, കാർട്ടൂണുകൾ, വാർത്തകൾ മുതലായവ ഉൾപ്പെടുത്താം.
5 രണ്ട് ചാർട്ടുപേപ്പറുകളിലായി (4 പുറം) സപ്ലിമെന്റ് തയ്യാറാക്കേണ്ടതാണ്.
6 മത്സരത്തിനുള്ള ചാർട്ടുപേപ്പർ, അനുബന്ധസാമഗ്രികൾ എന്നിവ ഓരോ ടീമും കൊണ്ടുവരേണ്ടതാണ്.
7 റഫ് കോപ്പി കൈവശം സൂക്ഷിക്കാം.
8 ഫോട്ടോസ്റ്റാറ്റോ ഒട്ടിച്ചുചേർക്കലുകളോ പാടില്ല.

*CML 48 /2014* **ചിത്രകഥ**

വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ജീവചരിത്രം ചിത്രകഥാരൂപത്തിൽ കുട്ടികൾക്കുവേണ്ടി മിഷൻലീഗ് രൂപതാ സമിതി പ്രസിദ്ധീകരിക്കുന്നു. 36 പേജ് മൾട്ടികളർ പുസ്തകമാണ്. വില 25 രൂപ. 25 കോപ്പിയിൽ കൂടുതൽ വാങ്ങുന്നവർക്ക് ആകർഷകമായ ഡിസ്കൗണ്ട് നൽകുന്നതാണ്. കോപ്പികൾക്ക് സി.എം.എൽ. ഓഫീസുമായി ബന്ധപ്പെടുക.

*CML 49 /2014* **മേഖലാ കലാമത്സരങ്ങൾ**

ഈ വർഷത്തെ മേഖലാതലത്തിലുള്ള കലാമത്സരങ്ങൾ സെപ്തംബർ 13-ാം തീയതി എട്ട് മേഖലകളിലും നടത്തി. മത്സരത്തിൽ സംബന്ധിച്ചവർക്ക് അഭിനന്ദനങ്ങൾ. ഇതിന് നേതൃത്വം നൽകിയ ബഹു. മേഖലാ ഡയറക്ടർമാർക്കും അസി. ഡയറക്ടർമാർക്കും ജോയിന്റ് ഡയറക്ടേഴ്സിനും നന്ദി.

*Director*

## കെ.സി.എസ്.എൽ.

*KCSL 22 /2014* **സംസ്ഥാന സാഹിത്യോത്സവം**

KCSL സംസ്ഥാന സാഹിത്യോത്സവം ഒക്ടോബർ 11-ാം തീയതി

9.30-ന് നിർമ്മല ഹൈസ്കൂളിൽ വച്ച് നടത്തപ്പെടുന്നതാണ്. മത്സരത്തിൽ സംബന്ധിക്കാനുള്ളവർ ഒക്ടോബർ 5-നു മുമ്പ് രൂപതാ ഓഫീസിൽ പേര് നൽകണം.

*KCSL 23 /2014* **രൂപതാകലോത്സവം**

KCSL-ന്റെ രൂപതാകലോത്സവം ഒക്ടോബർ 22-ാം തീയതി മൂവാറ്റുപുഴ നിർമ്മല ഹൈസ്കൂളിൽവച്ച് നടത്തുന്നതാണ്. കലോത്സവത്തിനുള്ള entryകൾ ഒക്ടോബർ 10-നു മുമ്പ് രൂപതാ ഓഫീസിൽ ഏല്പിക്കുക.

*Director*

## യുവദീപ്തി

*YD 35 /2014* **ഫൊറോന കൺവെൻഷൻ**

ഒക്ടോബർ മാസത്തിൽ കെ.സി.വൈ.എം. യുവജനങ്ങൾക്ക് വേണ്ടി ഫൊറോന തലത്തിൽ കൺവെൻഷൻ ഒരുക്കുവാൻ ഫൊറോന ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

*YD 36 /2014* **ഷട്ടിൽ ടൂർണമെന്റ്**

ബേബി എം. പാലയ്ക്കൽ അനുസ്മരണാർത്ഥം നടത്തി വരുന്ന ഷട്ടിൽ ടൂർണമെന്റ് രൂപതാതലമത്സരം ഒക്ടോബർ 22-ന് നടത്തപ്പെടുന്നതാണ്. ഇനിയും ഏതെങ്കിലും ഫൊറോനകളിൽ ഫൊറോനാതലഷട്ടിൽ മത്സരം നടത്തുവാൻ ഉണ്ടെങ്കിൽ എത്രയും വേഗം നടത്തി 22-ന് നടക്കുന്ന രൂപതാ മത്സരത്തിൽ പങ്കെടുപ്പിക്കാൻ ഫൊറോന ഭാരവാഹികൾ ശ്രദ്ധിക്കുക.

*YD 37 /2014* **യൂലിറ്റ്-2014**

സെപ്തംബർ മാസം 10 മുതൽ 13 വരെ കെ.സി.വൈ.എം. കോതമംഗലം രൂപത യുവജനങ്ങൾക്കായി ഒരുക്കിയ Youlit -2014 ഭംഗിയായി നടത്തുവാൻ സഹായിച്ച ഫൊറോനകളിലെയും, ഇടവകകളിലെയും



ബഹു. ഡയറക്ടർ അച്ചന്മാർക്കും, ആനിമേറ്റർ സിസ്റ്റേഴ്സിനും, മാതാപിതാക്കൾക്കും, ഫൊറോന, യൂണിറ്റ് ഭാരവാഹികൾക്കും Youlit -2014 -ൽ പങ്കെടുത്ത എല്ലാവർക്കും, ക്ലാസ്സുകൾ എടുത്ത് സഹായിച്ചവർക്കും രൂപത ഭാരവാഹികളുടെ ഹൃദയം നിറഞ്ഞ നന്ദി.

*YD 38 /2014* **അഭിനന്ദനങ്ങൾ**

ഷോർട്ട് ഫിലിം മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ തൊടുപുഴ ഫൊറോന ടീം അംഗങ്ങൾക്ക് അഭിനന്ദനങ്ങൾ. മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങളും ആശംസകളും. Youlit യുവജനകൺവെൻഷനിൽ ഫൊറോനതലത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച കോതമംഗലം ഫൊറോനയ്ക്കും ഇടവകതലത്തിൽ ഏറ്റവും കൂടുതൽ യുവജനങ്ങളെ പങ്കെടുപ്പിച്ച വാഴക്കുളം ഇടവകയ്ക്കും കെ.സി.വൈ.എം രൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും.

*Director*

## ജീസസ് യൂത്ത്

*JY 19 /2014* **Parish Fest**

ഒക്ടോബർ 1 മുതൽ 4 വരെ മൂവാറ്റുപുഴ നിർമ്മല കോളേജിൽ വച്ച് കേരള ജീസസ്സ് യൂത്ത് All Kerala Parish Leaders' Fest നടത്തുന്നു. ജീസസ്സ് യൂത്തിന്റെ ഇടവക പ്രാർത്ഥന കൂട്ടായ്മകളിലെ ലീഡേഴ്സിനെ ഒരുക്കാനുള്ള പ്രോഗ്രാമാണ് ഇത്. 800 പേരെ ഉദ്ദേശിക്കുന്നു.

*JY 20 /2014* **Night Vigil**

ജീസസ്സ് യൂത്ത് കോതമംഗലം സോൺ നൈറ്റ് വിജിൽ സെപ്തംബർ മാസം 13-ാം തീയതി ശനിയാഴ്ച 6.00 pm മുതൽ ആരംഭിച്ച് 14-ാം തീയതി 1.00 am -ന് ദിവ്യബലിയോടുകൂടി സമാപിച്ചു നാല്പത്തിയഞ്ചിലധികം പേർ പങ്കെടുത്തു. ഫാ. അഗസ്റ്റിൻ പടിഞ്ഞാറേക്കുറ്റ്

ക്ലാസ് നയിച്ചു. അടുത്ത നൈറ്റ് വിജിൽ ഒക്ടോബർ 11-ാം തീയതി ശനിയാഴ്ചയായിരിക്കും.

*Director*

---

## ഫാമിലി അപ്പോസ്റ്റലേറ്റ്

### *FA 37 /2014* ജൂബിലി ദമ്പതീസംഗമം

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം വിവാഹത്തിന്റെ രജത-സുവർണ്ണ ജൂബിലികൾ ആഘോഷിക്കുന്ന ദമ്പതിമാരെ ആദരിക്കുന്നു. ഒക്ടോബർ 2-ാം തീയതി വ്യാഴാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ മൂവാറ്റുപുഴ NESTT പാസ്റ്റൽ സെന്ററിൽ വച്ച് നടത്തുന്ന ജൂബിലി ദമ്പതിസംഗമത്തിൽ ജൂബിലി ദമ്പതിമാർക്ക് രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ മംഗളപത്രം വിതരണം ചെയ്യും. സംഗമത്തോടനുബന്ധിച്ച് ഫാ. ജോസഫ് പുത്തൻപുര OFM Cap. നയിക്കുന്ന ക്ലാസ്, കൃതജ്ഞതാബലി, വിവാഹവ്രത നവീകരണം എന്നിവയും നടത്തപ്പെടും.

### *FA 38 /2014* സിംപോസിയം

“കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ, പരിഹാരങ്ങൾ” എന്ന വിഷയത്തെ ആസ്പദമാക്കി ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ തലത്തിൽ സിംപോസിയം സംഘടിപ്പിക്കുന്നു. ഒക്ടോബർ 11 ശനിയാഴ്ച രാവിലെ 10 മുതൽ 1 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്ന സിംപോസിയത്തിൽ വിവിധ ഭക്തസംഘടനകളെ പ്രതിനിധീകരിച്ച് പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെടും.

### *FA 39 /2014* അഖണ്ഡ ജപമാല

നവസുവിശേഷവത്ക്കരണത്തിന്റെ പാശ്ചാത്തലത്തിൽ കുടുംബങ്ങൾ നേരിടുന്ന അജപാലന വെല്ലുവിളികൾ എന്ന വിഷയത്തിൽ റോമിൽ നടക്കുന്ന മെത്രാൻ സിനഡിനോടനുബന്ധിച്ച് ഒക്ടോബർ 5 മുതൽ 19 വരെ ഫാമിലി അപ്പോസ്റ്റലേറ്റ്, രൂപത-ഫൊറോന, ഇടവക ഭാരവാഹികളെ പങ്കെടുപ്പിച്ചുകൊണ്ട് അഖണ്ഡജപമാല നടത്തുന്നു. ഭാരവാഹികളെല്ലാവരും നിർദ്ദിഷ്ടസമയങ്ങളിൽ തങ്ങളുടെ ഭവനങ്ങളിലായിരുന്നുകൊണ്ട്, കുടുംബസമേതം, ആഗോളസഭയോട് ചേർന്ന് നടത്തുന്ന ഈ ജപമാല പ്രാർത്ഥനകളിൽ മറ്റുള്ളവർക്കും കണ്ണിയായി ചേരാവുന്നതാണ്.



### *FA 40 /2014* മദ്ധ്യസ്ഥ പ്രാർത്ഥനയും കൗൺസലിംഗും

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിലുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയും കൗൺസലിംഗും സൗഖ്യാരാധനയും ഒക്ടോബർ 29 ബുധൻ രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു.

*Director*

---

## മാതൃദീപ്തി

### *MD 29 /2014* ഫൊറോന പ്രവർത്തനങ്ങൾ

ആഗസ്റ്റ് - സെപ്തംബർ മാസങ്ങളിലായി 12 ഫൊറോനകളുടെയും ഫൊറോന സംഗമങ്ങളും, പ്രവർത്തനവർഷ ഉദ്ഘാടനവും, ഓണാഘോഷപരിപാടികളും സമയബന്ധിതമായി നടത്തുന്നതിന് നേതൃത്വം നൽകിയ ബ. ഡയറക്ടറച്ചന്മാരേയും, മോഡറേറ്റർ സിസ്റ്റേഴ്സിനേയും, ആനിമേറ്റേഴ്സിനേയും ഫൊറോന ഭാരവാഹികളേയും പ്രത്യേകം അഭിനന്ദിക്കുന്നു.

### *MD 30 /2014* രൂപതാ എക്സിക്യൂട്ടീവ്

മാതൃദീപ്തി രൂപതാ എക്സിക്യൂട്ടീവ് ഒക്ടോബർ 10-ാം തീയതി വെള്ളിയാഴ്ച 10.00 am മുതൽ 1.00 pm വരെ നെസ്റ്റിൽ വച്ച് നടത്തുന്നു.

*Director*

## സിംഗിൾസ് അപ്പോസ്റ്റലേറ്റ്

*SA 12 /2014* **ഏകസ്ഥ കൂട്ടായ്മ**

ഒക്ടോബർ 20-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മണിക്ക് നെസ്റ്റിൽ വച്ച് രൂപതാ ഡയറക്ടർ ബ. ജോസഫ് എഴുമായിലച്ചന്റെ നേതൃത്വത്തിൽ മരിയൻ സിംഗിൾസ് കൂട്ടായ്മയും ക്ലാസ്സും ഉണ്ടായിരിക്കുന്നതാണ്.

*Director*

## NESTT Programme

**Ph. 0485 - 2830033**

| | | | |
|---|---|---|---|
| Oct. | 2 | - | ജൂബിലി ദമ്പതീസംഗമം |
| " | 8 - 10 | - | വിവാഹഒരുക്കസെമിനാർ |
| " | 11 | - | കുടുംബവർഷ സെമിനാർ |
| " | 14 | - | സ്റ്റഡിഫോറം |
| " | 16 - 18 | - | Meeting |
| " | 22 - 24 | - | വിവാഹഒരുക്ക സെമിനാർ |

*Director*

## *Festal Greetings*

| | | | |
|---|---|---|---|
| Rev. Mgr. | Alappatt Francis | **October** | 4 |
| Rev. Fr. | Athickal Francis | " | 4 |
| " | Kannadan Francis | " | 4 |
| " | Karikunnel Francis | " | 4 |
| " | Keerampara Francis | " | 4 |
| " | Nampiaparampil Francis | " | 4 |
| " | Nandalath Francis | " | 4 |
| " | Pittappillil Francis | " | 4 |
| " | Cheripuram Abraham | " | 9 |
| " | Perumpanany Abraham | " | 9 |
| " | Pulickal Abraham | " | 9 |
| " | Niravathinal Abraham | " | 9 |
| " | Njaralakatt Luke | " | 18 |



## വാർത്തയും വിശേഷങ്ങളും

### "അവതരിച്ച വചനം"

20 ബൈബിൾ ലഘുനാടകങ്ങളുടെ സമാഹാരമായ അവതരിച്ച വചനം ഫ്രീ ഓഡിയോ സിഡിയോടുകൂടി പാലാ കമ്മ്യൂണിക്കേഷൻസ് പ്രസിദ്ധീകരിച്ചിരിക്കുന്നു. വില രൂപ 250/-

കൂടുതൽ വിവരങ്ങൾക്ക് രൂപതാ ബുക്ക്സ്റ്റാളുമായി ബന്ധപ്പെടുക.

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**സെപ്തംബർ**

19 • NESTT -ൽ നടന്ന വൈദികരുടെ ധ്യാനത്തിന്റെ സമാപനത്തിൽ സന്ദേശം നൽകി.

## Bishop's Engagements

**OCTOBER 2014**

| | | | | |
|---|---|---|---|---|
| 2 | Thu | Jesus Youth Convention | Muvattupuzha | 9.30 am |
| | | Jubilee | NESTT | 2.00 pm |
| 4 | Sat | Vestition | Cathedral | 10.00 am |
| 6 | Mon | Meeting | Kothamangalam | 10.00 am |
| 9 | Thu | Holy Qurbana | Madakkathanam | 9.00 am |
| 10 | Fri | Meeting | Mailacombu | 10.00 am |
| 11 | Sat | Meeting | Muvattupuzha | 12.00 noon |
| | | Meeting | Cathedral | 2.30 pm |
| | | Meeting | Bishop's House | 3.00 pm |
| 14 | Tue | Study Forum | NESTT | 9.30 am |
| 17 | Fri | Meeting | Kakkanad | 10.00 am |
| 21-23 | | | POC | |
| 25 | Sat | Holy Qurbana | Vallam | 9.30 am |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| മോൺ. ഫ്രാൻസിസ് തെക്കേക്കര | ചരമദിനം | 04-11-1963 |
| ഫാ. സെബാസ്റ്റ്യൻ പുല്ലോപ്പിള്ളി | " | 04-11-1966 |
| ഫാ. അബ്രാഹം കാഞ്ഞിരത്തിങ്കൽ | " | 09-11-1964 |
| ഫാ. മാത്യു തൊട്ടിയിൽ | " | 10-11-2000 |
| ഫാ. അബ്രാഹം മാളിയേക്കൽ | " | 12-11-1960 |
| ഫാ. ജോൺ വഴുതനപ്പിള്ളി | " | 21-11-1978 |
| ഫാ. മാത്യു വടക്കേക്കര | " | 21-11-2012 |
| ഫാ. ജോർജ് നെടുങ്ങാട്ട് | " | 22-11-1995 |
| ഫാ. ജോർജ് തയ്യിൽ | " | 27-11-1962 |

# നിര്യാതരായി

### റവ. സി. ലൂസി വണ്ടനാക്കര SABS

| | | |
|---|---|---|
| ഇടവക | - | വാഴക്കുളം |
| ജനനം | - | 19-02-1928 |
| ആദ്യവ്രതം | - | 15-05-1951 |
| നിത്യവ്രതം | - | 23-08-1956 |
| മരണം | - | 03-09-2014 |
| മൃതസംസ്കാരം | - | 04-09-2014 (മാറിക) |

### റവ. സി. അലക്സിയ (വടക്കേക്കര) CMC

| | | |
|---|---|---|
| ഇടവക | : | വാഴക്കാല |
| ജനനം | : | 14-01-1943 |
| ആദ്യവ്രതം | : | 15-04-1964 |
| നിത്യവ്രതം | : | 30-04-1968 |
| മരണം | : | 10-09-2014 |
| മൃതസംസ്കാരം | : | 11-09-2014 (മുവാറ്റുപുഴ) |